**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5670** **08-07-2024 - ൽ മറുപടിയ്ക്ക്**

**ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സ്വാതന്ത്ര്യത്തിന്റെ 75 -ാം വാർഷികം പ്രമാണിച്ച് കണ്ണൂർ ജയിലിൽ നിന്നും ശിക്ഷാ ഇളവ് നൽകുന്നതിനായി തയ്യാറാക്കിയ പട്ടികയിൽ ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ഉൾപ്പെടുകയുണ്ടായോ; പ്രസ്തുത പട്ടിക സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ട തീയതിയും പട്ടിക തയ്യാറാക്കിയ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും അറിയിക്കുമോ; | (എ) | 30.06.2024 തിയതി വരെ അകാല വിടുതൽ ലഭിക്കുന്ന തടവുകാരെ ഒഴിവാക്കി, 25.11.2022 ലെ സ.ഉ (എം എസ്)നം. 244/2022/ ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ച മാനദണ്ഡപ്രകാരം, പുതുക്കിയ പട്ടിക തയ്യാറാക്കി നൽകാൻ നിർദ്ദേശിച്ചതനുസരിച്ചുള്ള യോഗ്യരായ തടവുകാരുടെ പട്ടിക സംസ്ഥാന ജയിൽ മേധാവി സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. |
| (ബി) | ടി.പി. വധക്കേസിലെ കേസിലെ പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ഏതെങ്കിലും ലഭിച്ചിരുന്നോ; എങ്കിൽ അപേക്ഷകരുടെ പേര് കുറ്റവാളികളുമായുള്ള ബന്ധം; അപേക്ഷ നൽകിയ തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ടി. പി. കേസിലെ പ്രതികൾക്ക് ഇളവിന് അർഹതയില്ലെന്ന കുറിപ്പോടുകൂടിയാണോ ജയിലിൽ നിന്നും പട്ടിക സർക്കാരിലേക്ക് കൈമാറിയിട്ടുള്ളത്; എങ്കിൽ ആരാണ് കുറിപ്പ് എഴുതിയത്; | (സി) | പട്ടിക സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | ടി.പി. കേസിലെ പ്രതികൾക്ക് ശിക്ഷയിൽ 20 വർഷത്തേക്ക് ഇളവ് അനുവദിക്കരുതെന്ന് ഹൈക്കോടതി വിധി വന്നിട്ടും ഈ പ്രതികളുടെ പേരുകൾ പട്ടികയിൽ നിന്നും ഒഴിവാക്കാതെ തുടർ നടപടികളുമായി മുന്നോട്ടു പോകാൻ ഇടയായതിന്റെ കാരണങ്ങൾ അറിയിക്കുമോ; | (ഡി) | 'ആസാദി കാ അമൃത് മഹോത്സവ് ' (ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75 വാർഷികാഘോഷങ്ങൾ) ആയി ബന്ധപ്പെട്ട് തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ തടവുകാരുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കാൻ ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസിന് നിർദ്ദേശം നൽകിയിരുന്നു. പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിന് പോലീസ് റിപ്പോർട്ട് തേടാൻ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ നിന്നും തയ്യാറാക്കിയ പട്ടികയിൽ, ബഹു. |

| | | | |
|---|---|---|---|
| | | | ഹൈക്കോടതി വിധി പ്രകാരവും മാനദണ്ഡങ്ങൾ പ്രകാരവും, അനർഹരായ തടവുകാരുടെ പേരുകൾ ഉൾപ്പെടുത്തി റിപ്പോർട്ട് തേടിയതായുള്ള ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജോയിന്റ് സൂപ്രണ്ട് ശ്രീ. കെ. എസ്. ശ്രീജിത്ത്, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -I ശ്രീ. ബി.ജി. അരുൺ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ഒ.വി. രഘുനാഥ് എന്നിവരെ KCS (CC&A) Rules, 1960 ലെ ചട്ടം 10 പ്രകാരം അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (ഇ) | കോടതിവിധി മാനിക്കാതെ ടി.പി. കേസ് പ്രതികൾക്ക് ഇളവ് അനുവദിക്കുന്നതിന് വേണ്ടി പ്രവർത്തിച്ചതും ഇതിന് കൂട്ടുനിന്നതുമായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നതു സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ? | (ഇ) | 'ആസാദി കാ അമൃത് മഹോത്സവ്' (ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75 വാർഷികാഘോഷങ്ങൾ) ആയി ബന്ധപ്പെട്ട് തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ തടവുകാരുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കാൻ ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസിന് നിർദ്ദേശം നൽകിയിരുന്നു. പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിന് പോലീസ് റിപ്പോർട്ട് തേടാൻ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ നിന്നും തയ്യാറാക്കിയ പട്ടികയിൽ, ബഹു. ഹൈക്കോടതി വിധി പ്രകാരവും മാനദണ്ഡങ്ങൾ പ്രകാരവും, അനർഹരായ തടവുകാരുടെ പേരുകൾ ഉൾപ്പെടുത്തി റിപ്പോർട്ട് തേടിയതായുള്ള ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജോയിന്റ് സൂപ്രണ്ട് ശ്രീ. കെ. എസ്. ശ്രീജിത്ത്, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് -I ശ്രീ. ബി.ജി. അരുൺ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ഒ.വി. രഘുനാഥ് എന്നിവരെ KCS (CC&A) Rules, 1960 ലെ ചട്ടം 10 പ്രകാരം അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ